LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഓരോ സ്ഥാപനവും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാംസ്കാരിക കാര്യ വകുപ്പിൻകീഴിലെ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പ്/സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന സുവർണ്ണം 2015 പദ്ധതി ഇതിന്റെ ഉത്തമ ഉദാഹരണമാണ്. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ധനസഹായം സാംസ്കാരിക വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സമ്പൂർണ്ണ സാംസ്കാരിക സർവ്വകലാശാലയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയതും മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തിയതും, പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ, കാക്കണ്ണൻ പാറയിലെ കലാഗ്രാമം, കടിയേറ്റ മ്യൂസിയം നിർമ്മാണത്തിനുള്ള നടപടികൾ, വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയം, കേന്ദ്ര സഹായത്തോടെയുള്ള മ്യൂസിയം നവീകരണം, വംശീയ ശില്പങ്ങൾ എന്നീ പ്രവർത്തനങ്ങളെല്ലാം സാംസ്കാരിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ്.

കോട്ടപ്പുറം-കാവുണ്ട-പറമ്പോട്ടുകുന്ന് തോട്ടറ റോഡ് നവീകരണം

33 (1504) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ കോട്ടപ്പുറം - കാവുണ്ട - പറമ്പോട്ടുകുന്ന് തോട്ടറ റോഡ് നവീകരണത്തിനും, റീ-ടാറിങ്ങിനുമായി നബാർഡിന്റെ ധനസഹായം ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഫയൽ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത റോഡിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി&സി) നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അനുമതി ലഭിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ നോഡൽ ഡിപ്പാർട്ടുമെന്റായ ധനകാര്യവകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരികയാണ്.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

34 (1505) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളുടെ ഭാഗമായ പഞ്ചായത്തുകളിൽ ക്രമീകരിച്ചിരുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഈ സാമ്പത്തിക വർഷ അവസാനം വരെ സമയം ദീർഘിപ്പിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ 37 ഗ്രാമപഞ്ചായത്തുകളും ചില പഞ്ചായത്ത് വാർഡുകളും 31-10-2015 മുതൽ മുനിസിപ്പാലിറ്റികളുടെ ഭാഗമായി മാറിയതിനാൽ ഈ തീയതി മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന അവകാശങ്ങൾക്കുള്ള അർഹത നഷ്ടപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

35(1506) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly